**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1063** **11-02-2025 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ മിഷന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 54.45 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ നാളിതുവരെ 20.77 ലക്ഷം കുടിവെള്ള കണക്ഷനുകൾ നല്കിയിട്ടുണ്ട് . ബാക്കി കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവർത്തികൾ വിവിധഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. |
| (ബി) | 2020-ൽ തുടങ്ങിയ പ്രസ്തുത പദ്ധതി എത്ര ശതമാനം പൂർത്തിയായെന്നും ബാക്കിയുള്ളത് എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ; | (ബി) | നിലവിൽ നൽകിയ വാട്ടർ കണക്ഷനുകളുടെ അടിസ്ഥാനത്തിൽ പദ്ധതി 38.15 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ഇതോടെ നിലവിൽ സംസ്ഥാനത്തെ 54.81% ഗ്രാമീണ വീടുകളിൽ കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. 2028 വരെ കേന്ദ്രസർക്കാർ പദ്ധതി കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. |
| (സി) | കേന്ദ്ര - സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടത്തുന്ന പ്രസ്തുത പദ്ധതി എത്ര തുകയുടേതെന്നും എത്ര തുക നാളിതുവരെ ചെലവാക്കി എന്നും ഇതിൽ കേന്ദ്ര വിഹിതം എത്ര, സംസ്ഥാന വിഹിതം എത്ര എന്നും വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതിക്കായി ആകെ 44714.79 കോടി രൂപയുടെ കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതിക്കായി ഇതുവരെ ആകെ 11060.39 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 5493.54 കോടി രൂപ കേന്ദ്ര വിഹിതവും 5566.85 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. |
| (ഡി) | പ്രസ്തുത പദ്ധതി വഴി എത്ര ഗ്രാമീണ വീടുകളിൽ കുടിവെള്ളം എത്തിച്ചെന്നും ഇനി നൽകേണ്ടത് എത്രയെന്നും വ്യക്തമാക്കുമോ? | (ഡി) | പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ 20.77 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇനിയും 33.68 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകുവാൻ ബാക്കിയുണ്ട്. |

സെക്ഷൻ ഓഫീസർ